# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6144 — 10.7.2012-ൽ മറുപടിയ്ക്ക്

### സ്കൂളുകളിലെ ഹരിതസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ്<br>,, ഐ. സി. ബാലകൃഷ്ണൻ | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സ്കൂളുകളിലെ ഹരിത സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സകൂൾ വിദ്യാർത്ഥികളിൽ കൃഷിയോടും വിഷരഹിതമായ ഭക്ഷ്യോൽപന്നങ്ങളോടുമുള്ള ആഭിമുഖ്യം വളർത്തുന്നതിനും, പരിസ്ഥിതി സംരക്ഷണത്തിനും ,സുസ്ഥിര കൃഷിയ്ക്ക് ഊന്നൽ നൽകുന്നതിനും പല സ്കൂളുകളിലും ഹരിത സേന / കാർഷിക ക്ലബ്ബുകൾ തുടങ്ങിയവ രൂപീകരിച്ചിട്ടുണ്ട്. 2012-2013- ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന 2400 സ്കൂളുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും 3500/- രൂപ നിരക്കിൽ സഹായധനം വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സേനയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | 2012-2013 സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന 2400 സ്കൂളുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് 2500/- രൂപ നിരക്കിലും, കാർഷിക ക്ലബ്ബുകൾ / ഗ്രീൻ കേഡറ്റ് കോർപ്പ്സ് എന്നിവയുടെ പ്രവർത്തനത്തിനായി 1000/- രൂപ നിരക്കിലും സഹായധനം നൽകുന്നതാണ്. അവർക്കു വേണ്ടതായ പരിശീലനങ്ങളും കാർഷിക സാങ്കേതിക സഹായങ്ങളും ഊർജ്ജിതപ്പെടുത്തുന്നതിനായുള്ള പരിശീലന പരിപാടികൾ ടി പദ്ധതിയിൻ കീഴിൽ സംഘടിപ്പിക്കും. |
| (സി) | ഇതിനായി എന്തെല്ലാം നപടികൾ എടുത്തിട്ടുണ്ട്; | | |

Shama

സെക്ഷൻ ഓഫീസർ